# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ / DECEMBER | 22 | 2016 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

### പതിനെട്ടാംപടിയിൽ സംയമനത്തിന്റെ മൂർത്തീഭാവങ്ങളായി പൊലീസ് അയ്യപ്പൻമാർ

ശബരിമല: അയ്യപ്പന്റെ തിരുസന്നിധിയിൽ ചിലപ്പോൾ അന്തംകിട്ടാതെ നീളുന്ന ക്യൂ. പമ്പയിൽ നിന്നുള്ള പ്രവേശനം പോലും നിയന്ത്രിക്കപ്പെടേണ്ട സാഹചര്യം. അപ്പോഴെല്ലാം സമ്മർദ്ദത്തിലാകുന്ന ഒരുവിഭാഗമുണ്ട്, പതിനെട്ടാംപടിയിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന പൊലീസ് അയ്യപ്പൻമാരാണിവർ. ഇടവേളകളിൽ കിട്ടുന്ന അല്പം വിശ്രമസമയമൊഴികെ എല്ലായ്പ്പോഴും അയ്യപ്പൻമാരെ പതിനെട്ടാംപടി കടത്തിവിടേണ്ടവരാണിവർ. മികച്ച ശാരീരികക്ഷമത ഉള്ളവർക്ക് മാത്രം ചെയ്യാവുന്ന ജോലിയാണിത്. എങ്കിലും അയ്യപ്പ സന്നിധിയിലെ ജോലി കഠിനമായി ഇവരിൽ പലർക്കും അനുഭവപ്പെടുന്നില്ല. പതിനെട്ടാംപടിയിലെ ഡ്യൂട്ടിയ്ക്ക് ഒരു നിശ്ചിതസമയത്തേക്ക് 30 പേരെയാണ് നിയമിച്ചിട്ടുള്ളത്. ഇത്തരത്തിൽ മൂന്നു വേളകളിലായിട്ടാണ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കുക. ഒരു വേളയിലുള്ള 10 പേരെ 20 മിനിറ്റ് വച്ച് മാറ്റിക്കൊണ്ടിരിക്കും. പത്ത് പേർ ഒരു സമയത്ത് ജോലി നോക്കുമ്പോൾ മറ്റ് പത്ത് പേർ ഇവരെ സഹായിക്കാൻ കൂടെയുണ്ടാകും. സന്നിധാനത്തേക്കുള്ള ക്യൂവിന്റെ നീളം വർധിക്കുന്തോറും ഇവരുടെ മേൽ സമ്മർദം വർധിക്കും. നല്ല തിരക്കുള്ള സമയത്ത് ഒരുമിനുട്ടിൽ 70 മുതൽ 75 അയ്യപ്പൻമാരെ വരെ കയറ്റിവിടാനാണ് ഇവർ നിരന്തരം ശ്രമിക്കുന്നത്. ഇത് ചിലപ്പോൾ 80 വരെയായിട്ടുണ്ടെന്ന് പതിനെട്ടാം പടിയിലെ ഭക്തരുടെ നീക്കം നിയന്ത്രിക്കുന്ന കെ.എ.പി സി.ഐ. സി. ശ്രീകുമാർ പറഞ്ഞു. തിരുവനന്തപുരം റൂറൽ ഡിവൈ.എസ്.പി. സുഗതനാ

ണ് പതിനെട്ടാംപടിയുടെ ചുമതല നൽകിയിട്ടുള്ളത്. എല്ലാവരുടെയും സഹകരണത്തോടെ വളരെ വേഗം ഭക്തരെ ഒരിടത്ത് നിർത്താതെ താങ്ങിയെടുത്ത് മുന്നോട്ട് വിടുകയാണ് ചെയ്യുന്നത്. വികലാംഗരായ അയ്യപ്പൻമാരോ പ്രായമായവരോ എത്തുമ്പോൾ വിചാരിക്കുന്ന വേഗത്തിലുള്ള നീക്കത്തിന് സാധിക്കാറില്ലെന്ന് പൊലീസ് വ്യക്തമാക്കി. ഇവരെയും കുട്ടുകളെയും ക്ഷതമേൽക്കാതെ സുരക്ഷിതമായി സന്നിധാനത്തെത്തിക്കുക എന്ന ദൗത്യത്തിൽ മുഴുവൻ സമയവും വ്യാപൃതരാണ് ഇവർ.

## അമ്പലപ്പുഴ അയ്യപ്പസേവാസംഘം സന്നിധിയിൽ ഭജന നടത്തി

ശബരിമല: അയ്യപ്പസേവാസംഘം അമ്പലപ്പുഴ യൂണിയൻ 43-ാം നമ്പർ ശാഖയുടെ നേതൃത്വത്തിൽ ശബരിമല വലിയനടപ്പന്തലിൽ ഇന്നലെ (ഡിസംബർ 22) രാവിലെ ഭജന നടത്തി. ആഴിപൂജയ്ക്ക് ശേഷം 12 പേരുടെ സംഘമാണ് ഭജന അവതരിപ്പിച്ചത്. സംഘടനാ പ്രസിഡന്റ് രഞ്ജിത്ത് രാമചന്ദ്രന്റെ നേതൃത്വത്തിലാണ് സംഘം ശബരിമലയിൽ എത്തിയത്. ആകെ 45 പേരുള്ള ഭജന സംഘം രണ്ടുസംഘങ്ങളായാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി ശബരിമലയിൽ എത്തുന്നത്. ആറൻമുള, എരുമേലി, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ ഭജന അവതരിപ്പിച്ചശേഷമാണ് അയ്യപ്പ സന്നിധിയിലെത്തി ഭജന അർപ്പിച്ചത്.

## തങ്കഅങ്കി ഘോഷയാത്ര ഇന്ന്

ശബരിമല: അയ്യപ്പന് മണ്ഡല പൂജയ്ക്ക് ചാർത്താനുള്ള തങ്കഅങ്കിയും വഹിച്ചുള്ള രഥഘോഷയാത്ര ഇന്നലെ രാവിലെ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്നും ആരംഭിച്ചു. 25ന് വൈകിട്ട് ദീപാരാധനയ്ക്കു മുമ്പ് തങ്കഅങ്കി ഘോഷയാത്ര ശബരിമല സന്നിധാനത്ത് എത്തിച്ചേരും.

തങ്കഅങ്കി ഘോഷയാത്ര ഇന്ന് (23/12)എത്തുന്ന സ്ഥലങ്ങളും സമയവും: രാവിലെ എട്ടിന് ഓമല്ലൂർ ശ്രീരക്തകണ്ഠസ്വാമി ക്ഷേത്രം(ആരംഭം), കൊടുംതറ സുബ്രഹ്മണ്യസ്വാമിക്ഷേത്രം-9.30, അഴൂർ ജംഗ്ഷൻ-10.30, പത്തനംതിട്ട ശാസ്താ ക്ഷേത്രം -11.15, കടമ്മനിട്ട ഭഗവതി ക്ഷേത്രം(ഭക്ഷണം, വിശ്രമം)-ഉച്ചയ്ക്ക് 12.30, കടമ്മനിട്ട ഋഷികേശ ക്ഷേത്രം-2.45, മേക്കൊഴൂർ ക്ഷേത്രം -വൈകിട്ട് നാല്. മൈലപ്ര ഭഗവതി ക്ഷേത്രം-4.45, കുമ്പഴ ജംഗ്ഷൻ-5.30, പാലമറൂർ അമ്പലമുക്ക്-ആറ്, പുളിമുക്ക്-6.15, വെട്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്ര ഗോപുരപ്പടി-6.45, ഇളകൊള്ളൂർ -രാത്രി 7.30, ചിറ്റൂർ മുക്ക്-8.15, കോന്നി ടൗൺ-8.30, കോന്നി ചിറയ്ക്കൽ-8.45, കോന്നി മുരിങ്ങമംഗലം ക്ഷേത്രം(രാത്രി വിശ്രമം)-9.30.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 22 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok


**തിരുത്ത്**

**ഇന്നത്തെ രണ്ടാമത്തെ പത്രക്കുറിപ്പിൽ അവസാനത്തെ വാർത്തയ്ക്ക് തൊട്ട് മുമ്പുള്ള വാർത്തയിൽ തിരുത്തുണ്ട്. തിരുത്തിയ ഭാഗം ചുവന്ന നിറത്തിൽ.**

### സന്നിധാനത്തെ ഗോശാല വിശേഷങ്ങൾ

ശബരിമല: സന്നിധാനത്ത് ഭസ്മക്കുളത്തിന് മുകളിലായി സ്ഥിതിചെയ്യുന്ന ഗോശാലയിലെ പാലാണ് അയ്യപ്പന് അഭിഷേകത്തിനായി ഉപയോഗിക്കുന്നത്. പശ്ചിമബംഗാളിലെ സൗത്ത്-24 പർഗാസ് ജില്ലയിൽനിന്നുള്ള ആനന്ദ് സാമന്താണ് കഴിഞ്ഞ ഒരു കൊല്ലമായി സന്നിധാനത്തെ ഗോശാലയുടെ പരിപാലകൻ. വെച്ചൂർ പശുക്കൾ നാലെണ്ണം, രണ്ട് സങ്കരയിനം, രണ്ട് നാടൻ, രണ്ട് കാളകൾ, നാല് കന്നുകുട്ടികൾ എന്നിവയടങ്ങുന്ന പതിനഞ്ച് ഗോക്കളാണ് നിലവിൽ ഗോശാലയിലുള്ളത്. ദിവസവും രണ്ടുനേരം കറവയിലൂടെ 14 ലിറ്ററോളം പാല് ലഭിക്കുന്നുണ്ട്. അഭിഷേകത്തിന് പുറമേ നിവേദ്യമൊരുക്കുന്നതിനും മറ്റ് പൂജാ ആവശ്യങ്ങൾക്കും ഗോശാലയിലെ പാലാണ് ഉപയോഗിക്കുന്നത്. ശബരിമല ഉത്സവകാലത്ത് പശുക്കൾക്ക് ഗോശാലയിൽത്തന്നെ ആവശ്യമായ തവിടും പിണ്ണാക്കും കാലിത്തീറ്റയും നൽകുന്നു. ഉത്സവകാലമല്ലാത്ത സമയങ്ങളിൽ സമീപമുള്ള പുൽമേടുകളിൽ ഗോക്കളെ മേയാൻ വിടാറുണ്ട്. മഞ്ഞുകാലത്ത് രണ്ടുദിവസം കൂടുമ്പോഴും വേനൽക്കാലത്ത് എല്ലാദിവസവും ഇവിടുത്തെ ഗോക്കളെ കുളിപ്പിക്കാറുണ്ട്.

## നഷ്ടപ്പെട്ട തിരിച്ചറിയൽരേഖകൾ അയച്ചുകൊടുത്തു

ശബരിമല: സന്നിധാനത്തുനിന്നും കളഞ്ഞുകിട്ടിയ തിരിച്ചറിയൽ രേഖകൾ ദേവസ്വം ഇൻഫർമേഷൻ ഓഫീസിൽനിന്നും അയച്ചുകൊടുത്തു. ആധാർ, തെരഞ്ഞെടുപ്പ് ഐഡി, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ഡെബിറ്റ്/ ക്രഡിറ്റ് കാർഡുകൾ എന്നിവയാണ് അയച്ചുകൊടുത്തത്. തമിഴ്നാട്, കർണാടകം, ആന്ധ്രാപ്രദേശ്, തെലുങ്കാന, കേരളം എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ളവരുടെ തിരിച്ചറിയൽ രേഖകൾ ഇതിൽ ഉണ്ടായിരുന്നുവെന്ന് ദേവസ്വം പി.ആർ.ഒ മുരളി കോട്ടയ്ക്കൽ പറഞ്ഞു.

## കാണിക്കയായി വെള്ളായണി സംഘത്തിന്റെ വാദ്യാർച്ചന

ശബരിമലഃ തിരുവനന്തപുരം വെള്ളായണി മേജർ ദേവി ക്ഷേത്രം ധ്വനി വാദ്യകലാസമിതി ശബരിമല സന്നിധിയിൽ ആചാരനുഷ്ഠാനങ്ങളോടെ താളവാദ്യാർച്ചന നടത്തി. ചെണ്ട, ഇലത്താളം എന്നിവയിൽ ക്ഷേത്രം കലാകാരൻ ടി.എസ്. നീരജിന്റെ നേതൃത്വത്തിലെത്തിയ 22 അംഗസംഘമാണ് താളവിസ്മയം തീർത്തത്. ദേവസ്വം ജീവനക്കാരുടെ കർപ്പൂരാഴി ഘോഷയാത്രയ്ക്കും വെള്ളായണി സംഘം മേളമൊരുക്കുമെന്ന് ടി.എസ് നീരജ് പറഞ്ഞു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രമായ വെള്ളായണി ദേവീ ക്ഷേത്രത്തിൽ നിന്നാണ് മുടങ്ങാതെ ധ്വനി വാദ്യകലാസമിതി അർച്ചനയുമായെത്തുന്നത്.

ചുമ, ശ്വാസംതടസ്സം, സന്ധിവേദന എന്നിവയ്ക്കാണ് ആയുർവ്വേദ കേന്ദ്രത്തിലേറെപേരും ചികിത്സയ്ക്കെത്തിയത്. ഉദരസംബന്ധമായ രോഗങ്ങൾക്കും ചിക്കൻപോക്സ്, ചെങ്കണ്ണ് എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ മരുന്നിനും വേണ്ടിയാണ് ഹോമിയോ ആശുപത്രിയിൽ കൂടുതൽ പേരും എത്തിയത്. എറണാകുളം തൃപ്പൂണിത്തുറ ഹോമിയോ ഡിസ്പെൻസറിയിലെ ഡോ. എസ്. അഭിലാഷ്, മലപ്പുറം മരുത ഡിസ്പെൻസറിയിലെ ഡോ. സുനന്ദകുമാറും രണ്ട് ഫാർമസിസ്റ്റും മൂന്ന് അറ്റൻഡർമാരും അടങ്ങുന്നതാണ് ഹോമിയോ സംഘം.

## തങ്കയങ്കിഘോഷയാത്ര പുറപ്പെട്ടു

ശബരിമല: ശബരിമല അയ്യപ്പവിഗ്രഹത്തിൽ മണ്ഡലപൂജയ്ക്ക് ചാർത്താനുള്ള തങ്കയങ്കി വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ആറന്മുള പാർത്ഥസാരഥിക്ഷേത്രത്തിൽനിന്ന് യാത്ര തിരിച്ചു. ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, മെംബർ അജയ്തറയിൽ, ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജി വേണുഗോപാൽ, തങ്കയങ്കി ഘോഷയാത്രയുടെ സ്പെഷ്യൽ ഓഫീസർ എൻ രാജീവ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു. ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ സജ്ജമാക്കിയ രഥത്തിൽ ഇന്നലെ രാവിലെ ഏഴുമണിയോടെ അങ്കി പ്രവേശിപ്പിച്ചാണ് യാത്ര തുടങ്ങിയത്. മൂർത്തിട്ട ഗണപതിക്ഷേത്രം, നെടുംപ്രയാർ തേവലശ്ശേരി ദേവീക്ഷേത്രം, നെടുംപ്രയാർ ജംഗ്ഷൻ, കോഴഞ്ചേരി ഠൗൺ, പാമ്പാടിമണ്ണ്, കാരംവേലി, ഇലന്തൂർ ഭഗവതിക്കുന്ന് ദേവീക്ഷേത്രം, ഇലന്തൂർ ഗണപതിക്ഷേത്രം, ഇലന്തൂർ നാരായണമംഗലം, അയത്തിൽ മലനടജംഗ്ഷൻ, അയത്തിൽ കുടുംബ

യോഗമന്ദിരം, അയത്തിൽ ഗുരുമന്ദിരം ജംഗ്ഷൻ, മെഴുവേലി ആനന്ദഭൂതേശ്വരം, ഇലവുംതിട്ട ദേവീക്ഷേത്രം, ഇലവുംതിട്ട മലനട, മുട്ടത്തുകോണം എസ്എൻഡിപി മന്ദിരം, കൈതവന ദേവീക്ഷേത്രം, പ്രക്കാനം ഇടനാട് ഭഗവതീക്ഷേത്രം, ചീക്കനാൽ, ഊപ്പമൺ ജംഗ്ഷൻ, എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് രാത്രിയോടെ ഓമല്ലൂർ രക്തകണ്ഠസ്വാമി ക്ഷേത്രത്തിലെത്തി. ഇന്ന് രാത്രി അവിടെ വിശ്രമം

## ചാലക്കയത്ത് ചുക്കുകാപ്പി സൗജന്യ വിതരണകേന്ദ്രം

ശബരിമല: പത്തനംതിട്ട ജില്ലാ പോലീസിന്റെയും കുടുംബശ്രീയുടെയും സംയുക്ത സംരംഭമായ ഡ്രൈവർമാർക്കുള്ള സൗജന്യ ചുക്കുകാപ്പി വിതരണകേന്ദ്രം ഇന്ന് രാവിലെ 10 ന് ചാലക്കയം ടോൾബൂത്തിനടുത്ത് ന്യൂ ഇൻഡ്യ അഷുറൻസ് കമ്പനിയുടെ പത്തനംതിട്ട ജില്ലയിലെ സീനിയർ ഡിവിഷണൽ മാനേജർ ജോണി പി.ഡി ഉദ്ഘാടനം ചെയ്യും. ചുക്കുകാപ്പി വിതരണ കേന്ദ്രത്തിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്ന് മലകയറിയിറങ്ങിവരുന്ന ഡ്രൈവർമാർക്ക് ഉറക്കം വരാതെ പ്രസരിപ്പോടെ വാഹനമോടിക്കാൻ സഹായിക്കുക എന്നുള്ളതാണ്. പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ഹരിശങ്കർ ഐ.പി.എസിന്റെ പ്രത്യേക താൽപര്യപ്രകാരം തുടങ്ങുന്ന ഈ കേന്ദ്രത്തിന്റെ സ്പോൺസർ ന്യൂ ഇൻഡ്യാ അഷുറൻസ് കമ്പനിയാണ്. ഉദ്ഘാടനവേളയിൽ ന്യൂ ഇൻഡ്യ അഷുറൻസ് കമ്പനിയുടെ അടൂർ ബ്രാഞ്ച് മാനേജർ ലെജു ടി ബാലൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.ജി ഉണ്ണിത്താൻ, പമ്പ സി.ഐ. എസ് വിദ്യാധരൻ എന്നിവർ പങ്കെടുക്കും.

## ദേവസ്വം ജീവനക്കാരുടെ കർപ്പൂരാഴി നടന്നു

ശബരിമല: ശരണം വിളികളാൽ മുഖരിതമായ അന്തരീക്ഷത്തിൽ സന്നിധാനത്ത് ഇന്നലെ മണ്ഡലപൂജയ്ക്ക് മുമ്പായുള്ള ദേവസ്വംജീവനക്കാരുടെ കർപ്പൂരാഴി ആയിരക്കണക്കിന് അയ്യപ്പൻമാരുടെ സാന്നിധ്യത്തിൽ നടന്നു. ദീപാരാധനയ്ക്ക് ശേഷം തന്ത്രി കണ്ഠര് രാജീവര്, മേൽശാന്തി ടി.എം.ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവർ ചേർന്ന് കൊടിമരച്ചുവട്ടിൽ ഓട്ടുരുളിയിൽ ഒരുക്കിവച്ച കർപ്പൂരം കത്തിച്ചതോടെ ഘോഷയാത്ര ആരംഭിച്ചു. ചടങ്ങിൽ ദേവസ്വം ബോർഡ് അംഗം കെ.രാഘവൻ, എക്സിക്യൂട്ടീവ് ഓഫീസർ ആർ ജയശങ്കർ, സ്പെഷ്യൽ ഓഫീസർ എൻ വിജയകുമാർ, ഫെസ്റ്റിവൽ കൺട്രോളർ വി.എസ് ബൈജു, പി.ആർ.ഓ മുരളി കോട്ടയ്കകം തുടങ്ങിയവർ സന്നിഹിതരായിരുന്നു. കർപ്പൂര ആഴി കൊടിമരത്തിന് വലംവച്ച ശേഷം ഘോഷയാത്രയായി മാളികപ്പുറത്തേക്ക് നീങ്ങി. തുടർന്ന് ഘോഷയാത്ര നടപ്പന്തൽ വഴി ആലിൻചുവട്ടിൽ വന്ന് തിരിച്ച് സന്നിധാനം സ്റ്റേജിൽ എത്തി.

അയ്യപ്പൻ പുലിപ്പുറത്ത് പോകുന്നതിന്റെ ദൃശ്യാവിഷ്കാരം ഘോഷയാത്രയിൽ പ്രത്യേകശ്രദ്ധ പിടിച്ചുപറ്റി. പന്തളരാജാവ്, മന്ത്രി, വാവര്, വെളിച്ചപ്പാട്, ശിവൻ, പാർവതി, മഹിഷാസുരൻ, നാരദൻ, പുലി, കടുവ, മാൻ തുടങ്ങിയ വേഷങ്ങൾ ഘോഷയാത്രയെ ഭക്തിസാന്ദ്രമാക്കി. കാവടി, ചെണ്ടമേളം, ശിങ്കാരിമേളം തുടങ്ങിയവ അകമ്പടിയേകി. വേഷങ്ങൾ ഒരുക്കുന്നതിന് ജി.പുഷ്പകുമാർ ഉൾപ്പടെയുള്ള ദേവസ്വം ബോർഡ് ജീവനക്കാർ നേതൃത്വം നൽകി.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.